**Press Release**

PR . 140/2018 13.07.2018

**ഡിജിറ്റൽ ഫാം ജേണലിസം സംസ്ഥാന ശിൽപശാല 17ന് തൃശൂരിൽ**

സംസ്ഥാന കൃഷിവകുപ്പിന് കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോയും കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐ.ടി. മന്ത്രാലയത്തിന് കീഴിലുള്ള വിജ്ഞാന പോർട്ടലായ വികാസ്പീഡിയയും കേരള കാർഷിക സർവകലാശാലയും ചേർന്ന് നടത്തുന്ന സംസ്ഥാനതല ഏകദിന ഡിജിറ്റൽ ഫാം ജേണലിസം ശിൽപശാല 17ന് തൃശൂരിൽ നടക്കും. രാവിലെ 9 മണി മുതൽ 5 മണിവരെ കാർഷിക സർവകലാശാലയ്ക്ക് കീഴിലെ മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിലാണ് ശിൽപശാലയെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നവമാധ്യമങ്ങളുപയോഗിച്ച് കേരളത്തിന്റെ കാർഷിക മുന്നേറ്റം പൊതുജനങ്ങളിലെത്തിക്കുന്നതിനും വിജയഗാഥകളും കൃഷിയും നല്ല മാതൃകകളും മൊബൈൽഫോൺ ഉപയോഗിക്കുന്നവരിലും എത്തിച്ച് കാർഷിക മേഖലയിലേക്കും അനുബന്ധ മേഖലയിലേക്കും കൂടുതൽ കർഷകരെ ആകർഷിക്കുക എന്നതാണ് ഡിജിറ്റൽ ഫാം ജേണലിസത്തിന്റെ പ്രധാന ലക്ഷ്യം. ആദ്യഘട്ടത്തിൽ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി നൂറ് പേരടങ്ങുന്ന ഡിജിറ്റൽ ഫാം ജേണലിസ്റ്റ് കൂട്ടായ്മ രൂപീകരിക്കും. ഇവർക്ക് കൂടുതൽ പരിശീലനം നൽകി സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതിന് ചെറിയ വീഡിയോകൾ നിർമ്മിക്കും. ഓൺലൈൻ പോർട്ടലുകളുടെയും കാർഷിക മാസികകളുടെയും വിവരങ്ങൾ വികാസ്പീഡിയ വഴി പ്രചരിപ്പിക്കും. 17ന് നടക്കുന്ന ശിൽപശാലയിൽ പങ്കെടുക്കുന്നവരായിരിക്കും ഡിജിറ്റൽ ഫാം ജേണലിസ്റ്റ് കൂട്ടായ്മയിലെ ആദ്യ അംഗങ്ങൾ. കാർഷിക മേഖലയിലെ ഗവേഷകർ, കൃഷി ഓഫീസർമാർ, കാർഷിക പോർട്ടൽ റിപ്പോർട്ടർമാർ, കാർഷിക മാസികാ പ്രതിനിധികൾ, സോഷ്യൽ മീഡിയാ പ്രവർത്തകർ, സോഷ്യൽ മീഡിയ ഗ്രൂപ്പ് അഡ്മിൻമാർ, ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രതിനിധി

കൾ, വികാസ്പീഡിയ വോളണ്ടിയർമാർ, മൊബൈൽ വീഡിയോ നിർമ്മാതാക്കൾ, കാർഷിക വിവര ദാതാക്കൾ, എന്നിവർക്കാണ് ശിൽപശാലയിൽ സൗജന്യ പ്രവേശനം. താൽപര്യമുള്ളവർ 9656347995 എന്ന നമ്പറിൽ വികാസ്പീഡിയ സ്റ്റേറ്റ് കോർഡിനേറ്ററുമായോ, ഫാം ഇൻഫർമേഷൻ ബ്യൂറോ ഓഫീസുമായ ബന്ധപ്പെടണം.

ശിൽപശാല കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്.സുനിൽകുമാർ ഉൽഘാടനം ചെയ്യും. എയ്സ് അപ് ജി.എസ്.ടി. സുവിധാ കേന്ദ്രങ്ങൾ വികാസ് പീഡിയ സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഉൽഘാടനവും വികാസ്പീഡിയ പോർട്ടലിലെ കൃഷി ഡൊമൈനിൽ മികച്ച സംഭാവനക്കുള്ള കാർഷിക പോർട്ടലിനുള്ള പുരസ്കാരവും മന്ത്രി വിതരണം ചെയ്യും. കെ.രാജൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. കേരള കാർഷിക സർവ്വകലാശാല വികാസ്പീഡിയ പോർട്ടലുമായുള്ള വിവര കൈമാറ്റത്തിന്റെ ഉൽഘാടനം സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആർ.ചന്ദ്രബാബു നിർവ്വഹിക്കും. വികാസ്പീഡിയ സ്റ്റേറ്റ് കോർഡിനേറ്റർ സി.വി. ഷിബു, ഫാം ഇൻഫർമേഷൻ ബ്യൂറോ അസി. ഡയറക്ടർ റോസ്മേരി, ഉപദേശകസമിതി അംഗം സി.ഡി.സുനീഷ്, എയ്സ്അപ് മാർക്കറ്റിംഗ് ഹെഡ് ജൗഫർ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314